**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-05-09-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് - താന്ന്യം ഗ്രാമ പഞ്ചായത്ത് `പെരിങ്ങോട്ടുകര അസോസിയേഷൻ എന്ന സന്നദ്ധ സംഘടനയ്ക്ക് കൂടുതൽ ഡയാലിസിസ് മെഷീനുകളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിലേക്കായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2500/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/09/2018

---

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2018-ലെ 1257/2018/ആർ.ഒ.1/ഡിപി.എം നമ്പർ കത്ത്

2 5/9/2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.2(4.4)-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കഴിഞ്ഞ 4 വർഷമായി പ്രവർത്തിച്ചുവരുന്ന "താന്ന്യം ഗ്രാമ പഞ്ചായത്ത് പെരിങ്ങോട്ടുകര അസോസിയേഷൻ" എന്ന സന്നദ്ധ സംഘടന, നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് സേവനങ്ങൾ നൽകി വരുന്നതായും ടി സംഘടനയ്ക്ക് 2 ഡയാലിസിസ് മെഷീനുകളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിലേക്കായി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന പ്രോജക്ട്(പ്രോ.നം.74/19, അടങ്കൽ 14.00 ലക്ഷം രൂപ) നടപ്പാക്കാൻ പരാമർശം (1) പ്രകാരം അനുമതി ആവശ്യപ്പെട്ടിരുന്നു. ടി വിഷയം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം ആരായാൻ ഗ്രാമവികസന കമ്മീഷണറെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു. ഗ്രാമവിസന കമ്മീഷണർ ശുപാർശ ചെയ്യുതനുസരിച്ച്, 05.09.2018-ൽ ചേർ ന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പ്രസ്തുത പ്രോജക്ടിന് പരാമർശം(2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.09.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , "താന്ന്യം ഗ്രാമ പഞ്ചായത്ത് പെരിങ്ങോട്ടുകര അസോസിയേഷൻ" എന്ന സന്നദ്ധ സംഘടനയ്ക്ക് 2 ഡയാലിസിസ് മെഷീനുകളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിലേക്കായി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന പ്രോജക്ട് (പ്രോ.നം.74/19) നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

ജില്ലാ കലക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി, തൃശ്ശൂർ

സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.09.?? 11:10:16 IST
Reason: Approved
സെക്ഷൻ ഓഫീസർ